**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4547** **29-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവത്ക്കരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ കാര്യക്ഷമമാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. i. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന എന്റെ മരം, നമ്മുടെ മരം തുടങ്ങിയ പദ്ധതികൾക്കായി വൃക്ഷത്തൈ വിതരണം. ii. വഴിയോരത്തണൽ പദ്ധതി പ്രകാരം കൂടുതൽ പാതയോരങ്ങളിൽ വൃക്ഷവൽക്കരണം. iii. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗ് മുഖേന കൂടുതൽ സ്ഥാപനങ്ങളിൽ വൃക്ഷത്തൈകൾ ഡിപ്പാർട്ട്മെൻറ് ഉത്തരവാദിത്തത്തിൽ വച്ചു പിടിപ്പിക്കൽ. iv. തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ചെറു വനങ്ങളുടെ മാതൃകയിൽ ഫോറസ്ട്രി ക്ലബ് മുഖാന്തിരം വിദ്യാവനങ്ങൾ സ്ഥാപിക്കൽ. v. നഗരവനം പദ്ധതി വ്യാപിപ്പിക്കൽ. vi. വനവിജ്ഞാന വ്യാപന പ്രക്രിയയുടെ ഭാഗമായി ക്ലാസ്സുകൾ സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ. vii. തീരം ഹരിതാഭമാക്കി സംരക്ഷിക്കുവാൻ കടലോരമേഖലയിൽ കാറ്റാടി നട്ട് പിടിപ്പിക്കൽ. viii. കേന്ദ്രാവിഷ്കൃത പദ്ധതിയായ വേമ്പനാട് തണ്ണീർത്തട പരിപാലനം. |
| (ബി) | സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സ.ഉ (സാധാ) നം.485/16/വനം തീയതി 24/12/2016 സർക്കാർ ഉത്തരവ് പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ധനസഹായം നൽകുന്ന പദ്ധതി നിലവിൽ ഉണ്ട്. സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട 5 കാവുകൾക്ക് എല്ലാ വർഷവും സംരക്ഷണ ധനസഹായം നൽകി വരുന്നു. |
| (സി) | നദികൾ, കായലുകൾ, ആറുകൾ, തോടുകൾ എന്നിവയുടെ തീരങ്ങളിൽ കണ്ടൽക്കാടുകൾ | (സി) | കടലിനോട് ചേർന്ന അഴിമുഖങ്ങളിലും വേലിയേറ്റം വേലിയിറക്കം അനുഭവപ്പെടുന്ന സ്ഥലങ്ങളിലും മാത്രമേ കണ്ടലുകൾ ഫലപ്രദമായി |

| | | | |
|---|---|---|---|
| | വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | | വച്ചുപിടിപ്പിക്കാനാകും. അനുയോജ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച്കണ്ടൽത്തൈകൾ നട്ടുപിടിപ്പിക്കുന്നുണ്ട്. കൂടാതെ കണ്ടൽത്തൈകൾ ഉൽപ്പാദിപ്പിച്ച് ജനങ്ങൾക്ക് സൗജന്യമായി നൽകി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves (60% css) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കായലോരങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ച് വരുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ തുടങ്ങിയ ജില്ലകൾ ഉൾപ്പെടുന്ന വേമ്പനാട് റീജിയണിലും കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ ഉൾപ്പെടുന്ന കണ്ണൂർ റീജിയണിലും കണ്ടൽ തൈകൾ വെച്ചുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ